III. ശ്രദ്ധക്ഷണിക്കൽ

(1) കണ്ണൂർ ജില്ലാ ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. സുധാകരൻ : സർ, കണ്ണൂർ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ സംബന്ധിച്ച വളരെ ഗുരുതരമായ ചില പരാധീനതകളാണ് ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാണ് കണ്ണൂർ ജില്ലാ ആശുപത്രി. അവിടെയിപ്പോൾ കറന്റുപയോഗിക്കാതിരിക്കാൻ ഫ്യൂസ് ഊരിക്കൊണ്ടുപോയിരിക്കുകയാണ്. കണ്ണൂർ ജില്ലാ ആശുപത്രിയിലെ എമർജൻസി ഡിപ്പാർട്ട്മെന്റൊഴിച്ച് ബാക്കിയെല്ലായിടങ്ങളിലുമുള്ള ഫ്യൂസ് ഊരിക്കൊണ്ടുപോയിരിക്കുകയാണ്. ആറു വർഷമായി കറന്റ് ചാർജ്ജ് അടച്ചിട്ട്. 42 ലക്ഷം രൂപ കുടിശ്ശികയുണ്ടെന്നാണ് വൈദ്യുതി ബോർഡിന്റെ ആക്ഷേപം. അധികാരവികേന്ദ്രീകരണം വന്നപ്പോൾ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാണ് ജില്ലാ ആശുപത്രികൾ. പക്ഷേ ജില്ലാ പഞ്ചായത്തു പറയുന്നത്, അവർക്ക് കഴിഞ്ഞ നവംബർ മാസമാണ് ആശുപത്രിയുടെ മേൽനോട്ടം കിട്ടിയതെന്നാണ്. ഫണ്ട് അവർക്ക് കിട്ടിയിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ)

അവർക്ക് മേൽനോട്ടം വഹിക്കാനുള്ള അധികാരം മാത്രമേയുള്ളൂ എന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിശദീകരിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്തിന് ഈ ആശുപത്രി കൈമാറുമ്പോൾ 42 ലക്ഷം രൂപ കുടിശ്ശിക ഉള്ളത് ആര് അടയ്ക്കുമെന്ന് ഗുരുതരമായ ഒരു ചോദ്യമായി നിലനിൽക്കുകയാണ്. ആരോഗ്യവകുപ്പ് അടയ്ക്കുമോ; ജില്ലാ പഞ്ചായത്ത് അടയ്ക്കുമോ; ആശുപത്രി അടയ്ക്കുമോ എന്നതാണ് പ്രശ്നം. ആശുപത്രി അധികാരികൾ പറയുന്നത് ഈ പൈസ ഒരു സെപ്പറേറ്റ് ഫണ്ട് കൊടുത്താൽ ഞങ്ങൾ അടയ്ക്കാമെന്നാണ്. ജില്ലാ പഞ്ചായത്തു പറയുന്നത്, ഞങ്ങൾക്ക് സെപ്പറേറ്റ് ഫണ്ടില്ല, അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് സെപ്പറേറ്റ് ഫണ്ട് തന്നാൽ മാത്രമേ ഞങ്ങൾക്ക് ഈ പണമടയ്ക്കാൻ സാധിക്കൂ എന്നാണ്. ഇത് ഗുരുതരമായ അവഗണനയുടെയും അലംഭാവത്തിന്റെയും ഒരു തെളിവാണ്. 1999 ജൂലായിൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ് കുടിശ്ശികയെക്കുറിച്ച് ആശുപത്രിക്ക് ഇന്റിമേഷൻ കൊടുത്തിട്ടുണ്ട്. ആശുപത്രി അധികൃതർ ജില്ലാപഞ്ചായത്ത് അധികാരികളെ അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അധികാരികൾ സംസ്ഥാനഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പക്ഷേ 1999 ജൂലായ് മാസം ഈ വിവരം സംസ്ഥാന ഗവൺമെന്റിനും ജില്ലാ പഞ്ചായത്തിനും തന്നിട്ടും ആ പൈസ അടയ്ക്കുന്നതിനെക്കുറിച്ച് ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നോ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ല. അതുകൊണ്ട് തന്നെ ഫ്യൂസ് ഊരിക്കൊണ്ട് പോകുന്നതിന് 15 ദിവസം മുൻപ് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻമാർ വീണ്ടും ബന്ധപ്പെട്ടവരെ അറിയിച്ചു. വീണ്ടും സംസ്ഥാന ഗവൺമെന്റിലേയ്ക്ക് നോട്ടു വന്നു. എന്നിട്ടും ഒരു പ്രതികരണവുമില്ലാത്ത സാഹചര്യത്തിലാണ് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ വന്ന് എമർജൻസി വാർഡൊഴിച്ച് ബാക്കിയെല്ലാ ഡിപ്പാർട്ട്മെന്റിലെയും ഫ്യൂസ് ഊരിക്കൊണ്ടുപോകുകയും അതുവഴി ഗുരുതരമായ പ്രതിസന്ധി കണ്ണൂർ ആശുപത്രിയിലുണ്ടാകുകയും ചെയ്തത്. പിന്നീട് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചപ്പോൾ ബഹു. വൈദ്യുതി വകുപ്പുമന്ത്രി എസ്.

LIBRARY ARCHIVES Kerala Legislative Assembly

ശർമ്മ ഇടപെട്ടാണെന്നു തോന്നുന്നു, അത്യാവശ്യം വാർഡുകളിലേയ്ക്കുള്ള ഫ്യൂസ് തിരികെയിട്ടു. പക്ഷേ ഇപ്പോഴും ആർ.എം.ഒ ക്വാർട്ടേഴ്സ്, സ്റ്റാഫ് നഴ്സസ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിൽ ലൈറ്റില്ല. ഫാനുണ്ടായാൽ തന്നെ ജീവിക്കാൻ സാധിക്കാത്ത ചൂടുകാലത്ത് സ്റ്റാഫ് നഴ്സസ് ക്വാർട്ടേഴ്സിൽ ലൈറ്റില്ല, ഫാനില്ല എന്നുപറഞ്ഞാലുള്ള ഗുരുതരമായ അവസ്ഥയെക്കുറിച്ച് ബഹു. ഗവൺമെന്റ് പരിശോധിക്കണമെന്നാണ് പറയാനുള്ളത്, അതിന് അടിയന്തിരമായി പരിഹാരവുമുണ്ടാകണം.

ഈ ആശുപത്രിയുടെ മറ്റൊരു ദയനീയമുഖമാണ് ഗൈനക്കോളജി വിഭാഗം. നാലു ഗൈനക്കോളജിസ്റ്റുകൾ ആവശ്യമായ ആശുപത്രിയാണ് കണ്ണൂർ ആശുപത്രി. അവിടെ ഇന്ന് രണ്ടുപേരേയുള്ളൂ. രണ്ടു പേർ മാത്രമാണെങ്കിലും രോഗികളിൽ കുറവില്ല. അനുസ്യൂതം കടന്നുവരുന്ന രോഗികൾക്കാവശ്യമായ ചികിത്സകൊടുക്കാൻ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റിൽ ഡോക്ടർമാരില്ല. മുമ്പൊക്കെ നഴ്സുമാർ പ്രസവമെടുക്കുമായിരുന്നു. ഇപ്പോൾ കണ്ണൂർ ആശുപത്രിയിലെ ഡോക്ടർമാരും നഴ്സുമാരും തമ്മിൽ നിസ്സാരമായ അഭിപ്രായവ്യത്യാസങ്ങളുടെ പുറത്ത്, വകുപ്പില്ലെങ്കിൽപ്പോലും കാലാകാലങ്ങളിൽ നഴ്സുമാർ ചെയ്തിരുന്ന പ്രസവമെടുക്കൽ നിർത്തി. ഇപ്പോൾ പ്രസവമെടുക്കാൻ നഴ്സുമാർ തയ്യാറല്ല. പകൽ സമയത്ത് ഒരു പ്രസവം നടക്കണമെങ്കിൽ ഡ്യൂട്ടിയിലെ ഒ.പി. ഡോക്ടർ പോകണം. ഡ്യൂട്ടിയിലെ ഡോക്ടർ പ്രസവമെടുക്കാൻ പോകുമ്പോൾ മണിക്കൂറുകളോളം രോഗികൾ ഒ.പി. യിൽ കാത്തുകിടക്കുകയാണ് ചെയ്യുന്നത്. ഇതൊരു ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാണ്. നൂറു കണക്കിന് രോഗികൾ മണിക്കൂറുകളോളം ഒ.പി.യിൽ ഡോക്ടറില്ലാതെ കാത്തുകെട്ടിക്കിടക്കുന്ന അവസ്ഥ കണ്ണൂർ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലുണ്ടായിരിക്കുന്നു. നഴ്സ് പറയുന്നത് പ്രസവമെടുക്കുന്നത് ഞങ്ങളുടെ ഡ്യൂട്ടി അല്ലെന്നാണ്. അതു ശരിയുമാണ്. അവരുടെ ഡ്യൂട്ടിയല്ല. എങ്കിൽപ്പോലും അവിടെ പ്രസവം എടുക്കാറുണ്ടായിരുന്നു. സ്റ്റിച്ചിംഗ് മാത്രമേ ഡോക്ടർമാർ ഇടാറുള്ളൂ. ഇന്നിപ്പോൾ അതു പൂർണ്ണമായും കണ്ണൂർ ആശുപത്രിയിൽ നിന്നിരിക്കുന്നു. അതുകൊണ്ടുതന്നെ ഗൈനക്കോളജി ഡിപ്പാർട്ടുമെന്റ് കണ്ണൂരിനെ സംബന്ധിച്ച് ഒരു പ്രതിസന്ധിയിലാണ്. മറ്റൊന്ന് അനസ്തെറ്റിസ്റ്റിന്റെ രണ്ടു പോസ്റ്റാണ് കണ്ണൂരിൽ അനുവദിച്ചിട്ടുള്ളത്. മൂന്നു പോസ്റ്റ് ആവശ്യമുള്ളിടത്താണ് രണ്ടു പോസ്റ്റുള്ളത്. അവിടെ ഇപ്പോൾ പോസ്റ്റിംഗിൽ ഒരാൾ മാത്രമേയുള്ളൂ. അതുകൊണ്ടുള്ള അപകടം, ഉച്ചയ്ക്കു ഒരു മണി വരെ മാത്രമെ ഡ്യൂട്ടിയിലുള്ളൂ അനസ്തെറ്റിസ്റ്റ്, (അദ്ദേഹം ഡ്യൂട്ടികഴിഞ്ഞ് ഉച്ചയ്ക്കു പോകേണ്ടതാണ്.) സത്യം പറഞ്ഞാൽ ഇന്ന് കണ്ണൂർ ആശുപത്രിയുടെ പ്രവർത്തനം നടക്കുന്നത് ഒരുതരം അഡ്ജസ്റ്റ്മെന്റിന്റെ പുറത്താണ്. ഡോക്ടർമാരും രോഗികളുടെ ബന്ധുക്കളുമൊക്കെക്കൂടി ഒരഡ്ജസ്റ്റ്മെന്റ് നടത്തുകയാണ്. ഒരു അനസ്തെറ്റിസ്റ്റ് മാത്രമുള്ള കണ്ണൂരിൽ മറ്റു ഡോക്ടർമാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടത്, ആറു മണിവരെ ആശുപത്രിയിൽ നിൽക്കണമെന്നാണ്. അദ്ദേഹത്തിന് ഒരു മണി വരെ നിന്നാൽ മതി. എന്നാൽ ആ ഡോക്ടറുടെ നല്ല മനസ്സു കാരണം അദ്ദേഹം ഇപ്പോൾ ആറു മണി വരെ ആശുപത്രിയിൽ നിൽക്കുകയാണ്. രാത്രി അദ്ദേഹം വരില്ല. അപ്പോഴുള്ള അപകടം എന്താണ്? നാലു ഓപ്പറേഷൻ തിയേറ്ററുള്ള ആശുപത്രിയാണ് കണ്ണൂർ ആശുപത്രി. അവിടെ ഡോക്ടർമാർ-2, അനസ്തെറ്റിസ്റ്റ്-1. രാത്രികാലങ്ങളിൽ അവിടെ ഓപ്പറേഷൻ നടക്കാറില്ല. ആ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത ഒരു ഗർഭിണിക്ക് രാത്രി പ്രസവം വേണം, സിസേറിയൻ വേണമെന്നു പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

എന്തായിരിക്കും അവസ്ഥ എന്നു ബഹു. മന്ത്രി ആലോചിക്കണമെന്നാണ് എനിക്കു അപേക്ഷിക്കാനുള്ളത്. രാത്രി സിസേറിയൻ വേണ്ടെന്നു പറയാമോ? രാത്രി പ്രസവിക്കേണ്ട എന്നു പറയാമോ? രാത്രി ഓപ്പറേഷൻ വേണ്ടെന്നു പറയാമോ? പുറത്തുനിന്ന് ഒരു രോഗിവന്നാൽ രാത്രി ഓപ്പറേഷൻ നടക്കില്ല, വേറെയെവിടെയെങ്കിലും പോകണമെന്നു പറഞ്ഞു മാറ്റാം. പക്ഷേ ആശുപത്രിയിൽ കിടക്കുന്ന ഒരു രോഗിക്ക് ഒരു എമർജസി ഓപ്പറേഷൻ വന്നാൽ എന്താണ് ചെയ്യുക എന്നതിനെക്കുറിച്ച് ബഹു. മന്ത്രി ആലോചിക്കണം. മൂന്നു അനസ്തെറ്റിസ്റ്റ് വേണ്ടിടത്ത് ഒരു അനസ്തെറ്റിസ്റ്റ്; നാല് ഗൈനക്കോളജിസ്റ്റ് വേണ്ടിടത്ത് രണ്ട് ഗൈനക്കോളജിസ്റ്റ്. ഇങ്ങനെ വന്നാൽ എങ്ങനെ ആശുപത്രിയെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും? ഇതൊരു ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാണ്. മഞ്ചേരി ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഏഴ് അനസ്തെറ്റിസ്റ്റുകളുണ്ട്. തലശ്ശേരി താലൂക്കാശുപത്രിയിൽ മൂന്നു അനസ്തെറ്റിസ്റ്റുകളുണ്ട്. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഒരു അനസ്തെറ്റിസ്റ്റ് എന്നു പറഞ്ഞാൽ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയോട് ഈ സർക്കാർ കാണിക്കുന്ന കടുത്ത അവഗണനയാണിതെന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്. രാത്രികാലങ്ങളിൽ ഒരു ഓപ്പറേഷൻ നടത്തണമെങ്കിൽ രോഗിയുടെ ബന്ധുക്കൾ ഡോക്ടർമാരുടെ വീടുകളിൽ ഓടണം. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരാൻ കാർ വേണം. കാരണം അവിടെയുള്ള മറ്റൊരു ദുർഗതിയെന്നു പറയുന്നത് അവിടെ സ്റ്റാഫ് വെഹിക്കിളില്ല എന്നതാണ്. സ്റ്റാഫ് വെഹിക്കിൾ ഇല്ലാത്തതുകൊണ്ട് രാത്രി ഏതെങ്കിലും ഡോക്ടർമാരെ കൊണ്ടുവരണമെങ്കിൽ ടാക്സി കാർ പിടിക്കണം. പാവപ്പെട്ട രോഗികളാണ് ഈ ആശുപത്രികളിൽ വരുന്നത്. സാമാന്യം സാമ്പത്തിക ശേഷിയുള്ള ഒരാളും സർക്കാർ ആശുപത്രികളിൽ പോകുകയില്ല. ഇന്ന് പ്രസവം വീടുകളിൽ നടക്കാത്ത കാലമല്ലേ? പണ്ടൊക്കെ നാച്ചറൽ ഡെലിവറി വീടുകളിൽ നടക്കുമായിരുന്നു. ഇന്ന് ആരെങ്കിലും അതിനു കാത്തിരിക്കുമോ? മുഴുവൻ ആളുകളും ആശുപത്രിയിൽ പോകുകയാണ് ചെയ്യുന്നത്. സ്വകാര്യ ആശുപത്രിയിൽ പോകാൻ സാധിക്കാത്ത പാവങ്ങളാണ് സർക്കാർ ആശുപത്രിയിലേയ്ക്കു പോകുന്നത്. അവർക്ക് രാത്രി ഒരു ഡോക്ടറെ കൂട്ടിക്കൊണ്ടു വരണമെങ്കിൽ ഇരുനൂറും മൂന്നൂറും രൂപ കാറിനു വാടക കൊടുക്കണം. ആർക്കു സാധിക്കുമത്? എത്ര കാലം സാധിക്കും? അതുകൊണ്ട് അടിയന്തിരമായി ഒരു സ്റ്റാഫ് വെഹിക്കിൾ അനുവദിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും അടിയന്തിരനടപടിയുണ്ടാകണം. ഇപ്പോൾ പി. എച്ച്. ഇ.ഡി. വഴിയാണ് ആശുപത്രിയിൽ വെള്ളം കൊടുക്കുന്നത്. അത് ഒരു കാലത്തു വരും, ഒരു കാലത്തു പോകും. ആവശ്യാനുസരണം വെള്ളം ഉണ്ടാകുകയില്ല. അതുകൊണ്ട്, ആശുപത്രിയിൽ സ്വന്തമായി വെള്ളത്തിനായി ഒരു സ്ക്കീം ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് വിനയപുരസ്സരം അപേക്ഷിക്കുന്നു. ബഹു. മന്ത്രിയോട് ഒരു കാര്യംകൂടി പറയുകയാണ്, ഫ്യൂസ് ഊരിയത് ആശുപത്രിയുടെതാണെങ്കിൽ ജനത്തിന്റെ മുമ്പിൽ ഊരിയത് അങ്ങയുടെ ഫ്യൂസാണെന്ന് ഓർമ്മിക്കുന്നത് നല്ലതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരനടപടിയുണ്ടാകണമെന്ന് വിനയത്തോടെ അപേക്ഷിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. വി.സി. കബീർ</u>) : സർ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വൈദ്യുതിബോർഡിന് 42 ലക്ഷം രൂപ കുടിശ്ശിക ഉണ്ടായിരുന്നു. ഇക്കാരണത്താൽ കഴിഞ്ഞ മാസം അവസാനം കണ്ണൂർ ജില്ലാ ആശുപത്രിയിൽ പേവാർഡ്,

LIBRARY ARCHIVES Kerala Legislative Assembly

നഴ്സിംഗ് ആന്റ് ആർ.എം.ഒ. ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയുണ്ടായി. എന്നാൽ വാർഡുകൾ, ഒ.പി. എക്സറേ, ഓപ്പറേഷൻ തിയേറ്റർ എന്നിവിടങ്ങളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരുന്നില്ല. രോഗികൾക്ക് കാര്യമായ ബുദ്ധിമുട്ട് അതുകാരണം ഉണ്ടായിട്ടില്ല. ഈ വിവരം എന്റെ ശ്രദ്ധയിൽപ്പെട്ടയുടനേ ബഹു. വിദ്യുച്ഛക്തിവകുപ്പു മന്ത്രിയുമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 6-3-2000-ത്തിന് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുകയും ചെയ്തു. കുടിശ്ശിക തുക അടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ ജില്ലാ ആശുപത്രിയിൽ വിവിധ ഇനങ്ങളിലായി 43 ഡോക്ടർമാരുടെ തസ്തികകൾ ആണ് നിലവിലുള്ളത്. ഇതിൽ സൂപ്രണ്ടിന്റെയും ഒരു കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെയും തസ്തികകൾ മാത്രമേ ഒഴിഞ്ഞുകിടക്കുന്നുള്ളൂ. സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരിൽ എല്ലാ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലുമുൾപ്പെട്ടവരുള്ളതുകൊണ്ട് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നില്ല. ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനുള്ള നടപടികൾ വൈകാതെ സ്വീകരിക്കുന്നതാണ്. ഗൈനക്കോളജിസ്റ്റിന്റെ കുറവിനെ സംബന്ധിച്ച് ബഹു. ടി.കെ. ബാലൻ എം.എൽ.എ.യും എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബഹു. മെമ്പർ പറഞ്ഞ പ്രശ്നങ്ങൾ ഗൗരവമായി ഗവൺമെന്റ് കണക്കിലെടുക്കുന്നു. ആ ജില്ലാ ആശുപത്രിയോട് പ്രത്യേകമായ ഒരു അവഗണനയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സ്റ്റാഫ് വെഹിക്കിളിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അവിടത്തെ പോരായ്മകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി എല്ലാ ജില്ലാ തലസ്ഥാനങ്ങളിലുമുള്ള എം.എൽ.എ - മാരുടെയും എം.പി-മാരുടെയും പ്രത്യേക യോഗങ്ങൾ കൂടി ആ ജില്ലകളിലെ ആശുപത്രികളിലെ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടി ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. നിയമസഭ പിരിഞ്ഞശേഷം ഓരോ ജില്ലകളിലും ചെന്ന് ചർച്ചകൾ നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കുന്നതാണെന്നുകൂടി അറിയിക്കുന്നു.

[10 AM]

<u>ശ്രീ. കെ. സുധാകരൻ</u> : സർ, അവിടെ തുടർന്നുള്ള സുഗമമായ പ്രവർത്തനത്തിന് ജില്ലാതലത്തിൽ എം.എൽ.എ.മാരടങ്ങുന്ന കമ്മിറ്റികൾ വിളിച്ചുകൂട്ടുമെന്ന് ബഹു. മന്ത്രി പറഞ്ഞു. ഇന്നവിടെ കമ്മിറ്റിയുണ്ട്, പക്ഷേ കമ്മിറ്റി ഫലപ്രദമല്ല, ഫണ്ട് ഇല്ലാത്തതാണ് പ്രശ്നം. അതുകൊണ്ട് ആവശ്യമായ ധനസമാഹരണത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ ഈ ഗവൺമെന്റിന് സാധിക്കുമോ?

<u>ശ്രീ. വി.സി. കബീർ</u> : സർ, വിളിച്ചുകൂട്ടുമെന്നുപറഞ്ഞത് എം.എൽ.എ.മാരുടെ പ്രത്യേക യോഗമാണ്, കമ്മിറ്റിയല്ല. കമ്മിറ്റി വിളിച്ചുകൂട്ടുക എന്നത് എന്റെ ചുമതലയിൽപ്പെട്ടതല്ല. ഓരോ ആശുപത്രികളിലെയും പ്രശ്നം പരിഹരിക്കുന്നതിനും ജില്ലകളിലെ മൊത്തമായ കാര്യങ്ങൾ വിലയിരുത്തുന്നതിനും എം.എൽ.എ.മാരുടെ യോഗം മന്ത്രി വിളിച്ചുകൂട്ടുമെന്നാണ് ഞാൻ പറഞ്ഞത്. അത് വിളിച്ചുകൂട്ടാം. ഫണ്ടിനെക്കുറിച്ച് ഇപ്പോൾ പറയണ്ട, അതിനെക്കുറിച്ച് വിശദമായ ചർച്ചകൾ വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly